BELIEVERS RELIEF TRUST
Remember the poor Gal 2:10
ദരിദ്രരെ ഓർത്തുകൊള്ളേണം




Issue 4,November 2022

## EDITORIAL

The exchange rate – is a remarkable quest for expatriates through 36 years of Gulf (UAE) life. Everyone follows the practice of transferring savings to Indian currency as the rate changes. But can we convert our money into better currency?

The exchange rate of each country is different depending on the value of the currency in that country. How can we convert it into a currency that is more valuable than what we have? If you think spiritually, it will be possible by giving. If you study the pattern of Macedonian churches, you will see how this value addition works. First of all, generosity 2 Corinthians 8:2 showed a great deal of generosity. This process begins with a willingness to meet the need for food due to poverty. Those who receive help then thank God. 2 Corinthians 9:11, 12 this is a spiritual activity that God values. That's a 'good thing'. Obedience to the gospel is expressed in godly devotion so that poor believers not only glorify God but also pray for the poor's providers. God hears their sincere prayers. So the beneficiaries actually get a spiritual benefit as well. So the currencies on earth can be converted into potential spiritual credit in heaven. Was it not our Lord himself who referred to investing in heaven? It's a better investment than the money market. There is no depreciation there.

We started with the subject of giving. We have seen that this was noticed and appreciated by the Lord. But this whole theme revolves around two verses. First, 2 Corinthians 8:9 "You know the grace of our Lord Jesus Christ, who, though rich, became poor because of you, so that you might be rich because of his poverty." Christ did this by bringing us out of the poverty of sin to the riches of salvation and everlasting life.


Another verse is 2 Corinthians 9:15 "Thanks be to God for the unspoken gift" the contextual meaning of this verse is a tribute to God and to the donors who have helped him humanly. The gift god has given us cannot be described or compared to any other gift. Praise God for allowing us to consider sacrifices in the world of selfish men. "He who shows kindness to the poor gives a loan to Jehovah. He will repay for the good that he has done" (Proverbs 19:17) and put it in the place where the best interest is obtained. Change the currency where you get the best exchange rate. Believers Relief Trust plays a role in that. May God help us.

- Br. Sam Philip

## Remember the poor!

Eva. M.A. Jose, Thrissur

The title of this article is taken from the instruction given to Paul from James, Cephas, and John, who were counted as pillars of the church (Galatians 2:9). It is said here that "only they would that we should remember the poor". It was this way reminded, because the matter was so important. We too therefore, are obliged to fulfil it. Job says, "I was a father to the poor" (Job 29:16) and from that we can see how much he cared for the poor. God's Word also says that the abundance you have may be a supply to their wants. (2 Corinthians 8:14) James also makes this clear in a strong language. (James 2:15)
It is a relief that the Believers Relief Trust is in the forefront in this regard. We can help those who are in need whom we know personally. But there are so many others (in need) whom we don't know. How can we find them? That's where the importance of BRT lies. It is possible to find such people using their system. But to accomplish the ministry of BRT, we must help their activity by giving freely. How can we keep our eyes closed when our brothers, redeemed by the same blood, are struggling to meet their daily needs, sheltering, and so on? It should be remembered that those who receive are comforted when given, and those who give also will be specially attended by God.
How much should we pay? Ten percent? No, the New Testament principle is to give in plenty. I am not describing much here. All our income belongs to God. "All things are from Him, through Him, and to Him" (Romans 11:35,36). Then this question arises as, what is there for us! The servant is worthy of his wages (1 Tim.5:18). Let us take our wages. And how much is the wage? According to Apostle Paul, if we have food and clothing, we shall be content with that, hence one can take from it for a simple life or for essential purposes.
Is anyone exempted from giving? No, no one has. If this is applicable to Macedonians who were in great poverty (2 Corinthians 8:1,2) or to the widow having only two pennies (Luke 21:3), how much more the others be? Is it excused for evangelists? Not at all. This is valid to the Levites as well. They should also give their share of the gift they receive. No one is excluded in the New Testament. In the day when we all stand before the Lord, when we face the question as to we have done for our brother, when his children were struggling for food and clothing, what answer would we give? This is the day, let us endeavour today to give a good answer. This can also be done by using the ministry of BRT. May God help us!



# *BELIEVERS RELIEF TRUST – An introduction*

**THE BEGINNING:** Believers Relief Trust (BRT) has commenced its ministry forty-three years ago, initiated by the YMEF members who were enlightened and burdened by the Holy Spirit of God for the benefit of poor and needy brethren. The Trust was formed on 1st May 1979 when responsible brethren gathered together on this date at Kottayam and started functioning after receiving its registration under Travancore-Cochin Literary, Scientific and Charitable Societies' Registration Act XII in 1955.

**OBJECTIVE:** The objective of this ministry is to give a helping hand, by providing financial assistance to those who are financially burdened, especially in the brethren community, regarding their medical treatment, marriage of daughters, education, housing and its maintenance, livelihood of poor widows and others financially hard-pressed, and those suffering due to natural calamities and pandemics, thus demonstrating the love of God in a practical way.

**MODE OF FUNCTIONING:** The Trust is functioning in accordance with the decisions made by the General Body which presently has 52 brethren of Christian faith and goodwill, represented from all the districts in Kerala and a Governing Body of 12 members, elected from the General Body from time to time. Relief funds are sanctioned in the Governing Body meetings. Financial activities of BRT are subject to external audit and government regulations and is approved for Income Tax exemption and Foreign Currency Remittances under relevant statutory laws.

**SOURCE OF INCOME:** The ministry of BRT is run purely by the freewill offerings of Brethren believers' world-wide, from assemblies/churches, individuals, Christian institutions and fellowships.

**OFFICE:** The Registered office of the Believers Relief Trust is in IS Press Road, Ernakulam and very recently, has built its own Administration office is in Kumbanad and now functions from there. Bro. Samkutty George, Adoor and Bro O.T. Cherian Pathanamthitta are currently serving as Secretary and Joint Secretary respectively.

## Low cost houses (Turn-key basis) from Believers Relief Trust for poor and homeless believers

1 Iverkala house in Kollam District, May 22





2 Marutha House in Malappuram Dist. Aug 22

3 Chittur House under construction in Palakkad Dist. Estimated compl. Dec.22



4 Construction of fourth house will commence in Thelliyoor, Pathanamthitta Dist. Commencing in Dec 22




| General Receipts & Pay-outs in Lakh Rs | | | |
|---|---|---|---|
| | 19-20 | 20-21 | 21-22 |
| General Receipts | 48.97 | 71.62 | 109.44 |
| Corresponding Pay-outs | 58.06 | 71.47 | 87.83 |




**Quotable quotes**

**"If you are not willing to give, then you are living for yourself and cutting off the flow of God who is the ultimate giver."**

**"Giving is an investment for future returns!"**

**"For the poor will never cease to be in the land; therefore I command you, saying, 'You shall freely open your hand to your brother, to your needy, and to your poor in your land'" - Deuteronomy 15:11**


***Our Office address***

**Believers Relief Trust**

P.O. Box 60, Kumbanad P.O., Kerala - 689 547

E-Mail: brethrenbrt@gmail.com

Tel: 0469 2999947 Mobile: +91 91882 56000

BELIEVERS RELIEF TRUST
Remember the poor Gal 2:10
ദരിദ്രരെ ഓർത്തുകൊള്ളേണം



# ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വാർത്താപത്രിക

വാല്യം 4, നവംബർ 2022

## എഡിറ്റോറിയൽ

പ്രവാസികളുടെ ശ്രദ്ധേയമായ ഒരു അന്വേഷണമാണ് എക്സ്ചേഞ്ച് റേറ്റ് - വിനിമയനിരക്ക്. 36 വർഷത്തെ ഗൾഫ് (UAE) ജീവിതത്തിലൂടെയാണ് ഞാൻ ഇത് മനസ്സിലാക്കിയത്) നിരക്ക് മാറുന്നതനുസരിച്ച് ഇന്ത്യൻ കറൻസിയിലേക്ക് സമ്പാദ്യം മാറ്റുന്ന രീതി എല്ലാവരും പിന്തുടരുന്നു. എന്നാൽ നമ്മുടെ പണം മികച്ച കറൻസിയിലേക്കു മാറ്റാൻ കഴിയുമോ? ഓരോ രാജ്യത്തിൻറെയും വിനിമയനിരക്ക് വ്യത്യസ്തമാണല്ലോ അത് ആ രാജ്യത്തെ കറൻസിയുടെ മൂല്യം അനുസരിച്ചിരിക്കും. നമ്മടെ കൈവശം ഇരിക്കുന്നതിനേക്കാൾ മൂല്യം കൂടിയ കറൻസിയിലേക്ക് എങ്ങനെ മാറ്റാം?

ആത്മീകമായി ചിന്തിച്ചാൽ കൊടുക്കുന്നതിലൂടെ അത് സാധ്യമാകും. മാസിഡോണിയ സഭകളുടെ മാതൃക പഠിച്ചാൽ ഈ മൂല്യ വർദ്ധനവ് എങ്ങനെ എന്ന് കാണാം. ഒന്നാമതായി ഉദാരത, "ധാരാളം ഔദാര്യം കാണിച്ചു" 2 കൊരി 8 :2. തങ്ങളുടെ കടുത്ത ദാരിദ്ര്യത്തിലും, ദാരിദ്ര്യത്തിൽ കഴിയുന്ന മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടാണ് ഈ പ്രക്രിയ ആരംഭിക്കുന്നത്. തുടർന്ന് സഹായം ലഭിക്കുന്നവർ ദൈവത്തിന് നന്ദി പറയുന്നു. 2 കൊരി 9 :11,12 ഇത് ദൈവം വിലമതിക്കുന്ന ഒരു ആത്മീയ പ്രവർത്തനമാണ്. അത് ഒരു 'നല്ല കാര്യം ആണ്'. സുവിശേഷത്തോടുള്ള അനുസരണം ദൈവഭക്തിയിൽ അത് പ്രകടിപ്പിക്കപ്പെടുന്നു അതിനാൽ ദരിദ്രരായ വിശ്വാസികൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു മാത്രമല്ല ദരിദ്രർ ദാതാക്കൾക്കായി പ്രാർത്ഥിക്കുന്നു. അവരുടെ ആത്മാർത്ഥമായ പ്രാർത്ഥന ദൈവം കേൾക്കുന്നു. അതിനാൽ ദാതാക്കൾക്ക് യഥാർത്ഥത്തിൽ ആത്മീയ നേട്ടവും ലഭിക്കുന്നു. അതുകൊണ്ടു ഭൂമിയിലെ കറൻസികൾ സ്വർഗ്ഗത്തിൽ സാധ്യതയുള്ള ആത്മീയ ക്രെഡിറ്റായി മാറ്റാൻ കഴിയും. നമ്മുടെ കർത്താവ് തന്നെയല്ലേ സ്വർഗ്ഗത്തിൽ നിക്ഷേപിക്കുന്നതിനെ പരാമർശിച്ചത്? പണവിപണിയെക്കാൾ മികച്ച നിക്ഷേപമാണിത്. അവിടെ മൂല്യ തകർച്ചയില്ല.

കൊടുക്കുന്ന വിഷയത്തിൽ നിന്നാണ് നമ്മൾ ആരംഭിച്ചത്. ഇത് കർത്താവ് ശ്രദ്ധിക്കുകയും വിലമതിക്കുകയും ചെയ്തതായി നാം കണ്ടു. എന്നാൽ ഈ മുഴുവൻ പ്രതിപാദം രണ്ടു വാക്യങ്ങളെ ചുറ്റിപ്പറ്റിയാണ്. ആദ്യത്തേത് 2കൊരി8:9 "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" ദരിദ്രരിലേക്ക് കൈ നീട്ടിയ ഏറ്റവും ധനികനായ ദാതാവായിരുന്നു ക്രിസ്തു. പാപത്തിലൂടെയുള്ള ആത്മീയ ദാരിദ്ര്യത്തിൽ നിന്ന് നമ്മെ രക്ഷയുടെയും നിത്യജീവന്റെയും സമ്പത്തിലേക്ക് കൊണ്ടുവന്നാണ് ക്രിസ്തു ഇത് ചെയ്തത്.

മറ്റൊരു വാക്യം 2 കൊരി 9 :15 "പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിന് സ്തോത്രം" ഈ വാക്യത്തിന്റെ സന്ദർഭോചിതമായ അർത്ഥം എന്താണെന്ന് വെച്ചാൽ ദൈവത്തിനു സഹായം ചെയ്ത ദാതാക്കൾക്കും അർപ്പിക്കുന്ന നന്ദിയാണ്. ദൈവം നമുക്ക് നൽകിയ ദാനം വർണ്ണിക്കുവാനോ മറ്റേതെങ്കിലും സമ്മാനവുമായി താരതമ്യം ചെയ്യുവാനോ കഴിയില്ല. സ്വാർത്ഥമനുഷ്യരുടെ ലോകത്ത് ത്യാഗങ്ങൾ പരിചിന്തിക്കാൻ നമ്മെ അനുവദിച്ചതിന് ദൈവത്തെ സ്തുതിക്കുക. "എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും" സദൃ.19:17 ഏറ്റവും നല്ല പലിശ കിട്ടുന്ന സ്ഥലത്ത് നിക്ഷേപിക്കുക. ഏറ്റവും നല്ല വിനിമയ നിരക്ക് കിട്ടുന്നിടത്ത് കറൻസി മാറ്റുക. Believers Relief Trust അതിൽ ഒരു പങ്കു വഹിക്കുന്നു. ദൈവം നമ്മെ സഹായിക്കട്ടെ.

ബ്ര . സാം ഫിലിപ്പ്

## ദരിദ്രരെ ഓർത്തുകൊൾവിൻ!

സുവി. എം.എ. ജോസ്, തൃശൂർ

സഭയുടെ തൂണുകളായി എണ്ണപ്പെട്ട യാക്കോബ്, കേഫാവ്, യോഹന്നാൻ എന്നിവരിൽ കൂടെ പൗലോസിനും മറ്റും നൽകിയ നിർദേശമാണ് ഇതിലെ തലവാചകം (ഗലാ.2:9). ഇവിടെ പറഞ്ഞിരിക്കുന്നത് "ദരിദ്രരെ ഞങ്ങൾ ഓർത്തുകൊള്ളേണം എന്ന് മാത്രം അവർ പറഞ്ഞു" എന്നാണ്. അത് അത്രമാത്രം പ്രാധാന്യതയുള്ളതിനാലാണ് അതു മാത്രം ഓർപ്പിച്ചത്. നമുക്കും അത് നിവർത്തിപ്പാൻ കടപ്പാടുണ്ട്. ദരിദ്രർക്ക് ഞാൻ അപ്പനായിരുന്നു എന്ന് ഇയ്യോബ് പറയുന്നുണ്ട് (ഇയ്യോ.29:16) അതിൽനിന്നും ദരിദ്രരെ അവൻ എത്രമാത്രം കരുതിയിരുന്നു എന്ന് മനസ്സിലാക്കാം. നിങ്ങൾക്കുള്ള സുഭിക്ഷം അവരുടെ ദുർഭിക്ഷത്തിന്നു ഉതകട്ടെ എന്നും ദൈവവചനം പറയുന്നു. (2കോരി.8:14) യാക്കോബും ഇക്കാര്യം ശക്തമായ ഭാഷയിൽ വ്യക്തമാക്കുന്നുണ്ട്.(യാക്കോ.2:15)

ഈ കാര്യത്തിൽ ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് രംഗത്തുള്ളത് ആശ്വാസകരമാണ്. നമുക്ക് നേരിട്ട് അറിയാകുന്ന ബുദ്ധിമുട്ടുള്ളവരെ നമുക്കു സഹായിക്കുവാൻ കഴിയും. എന്നാൽ നാം അറിയാത്ത എത്ര എത്ര പേർ വേറെയും ഉണ്ട്. അവരെ എങ്ങനെ കണ്ടെത്താം. അവിടെയാണ് ബി ആർ ടി യുടെ പ്രാധാന്യത. അതിന്റെ സംവിധാനം ഉപയോഗിച്ച് അങ്ങനെയുള്ളവരെ കണ്ടുപിടിക്കുവാൻ കഴിയും. എന്നാൽ അവരുടെ പ്രവർത്തനം നിറവേറ്റുവാൻ നാം നിർലോഭമായി നൽകികൊണ്ട് ആ പ്രവർത്തനത്തെ സഹായിക്കണം. ഒരേ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നമ്മുടെ സഹോദരങ്ങൾ ആഹാരത്തിനും കിടപ്പാടത്തിനും മറ്റും വകയില്ലാതെ വിഷമിക്കുമ്പോൾ നമുക്ക് എങ്ങനെ കണ്ണടച്ചിരിക്കുവാൻ കഴിയും? കൊടുക്കുമ്പോൾ ലഭിക്കുന്നവർക്ക് ആശ്വാസമാകും എന്നതിനൊപ്പം ദൈവം കൊടുക്കുന്നവരുടെ കാര്യങ്ങളും കൂടുതലായി ശ്രദ്ധിക്കും എന്നുംകൂടെ ഓർക്കണം.

നാം എത്രമാത്രം കൊടുക്കണം? പത്തു ശതമാനമോ? അല്ലല്ല, ധാരാളമായി കൊടുക്കണം എന്നാണ് പുതിയനിയമ ഉപദേശം. അത് കൂടുതൽ വിശദീകരിക്കുന്നില്ല. നമ്മുടെ വരുമാനം മുഴുവൻ ദൈവത്തിന്റേതാണ്. "സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നു" (റോമർ 11:35,36) അങ്ങനെ വരുമ്പോൾ നമുക്കായി എന്തുണ്ട് എന്ന ചോദ്യം ഉദിക്കാം. വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ (1തിമോ.5:18) നമ്മുടെ കൂലി നമുക്കെടുക്കാം. എത്രയാണ് കൂലി? ഉണ്ണുവാനും ഉടുക്കുവാനും മതി എന്ന പ്രമാണം അനുസരിച്ചു ലളിതജീവിതത്തിന്നു അഥവാ അത്യാവശ്യ കാര്യങ്ങൾക്കുള്ളത് എടുക്കാം.

കൊടുക്കുന്നതിൽ നിന്നും ആർക്കെങ്കിലും ഒഴിവുണ്ടോ? ആർക്കും ഇല്ല. മഹാ ദാരിദ്ര്യത്തിലായ മക്കദോന്യർക്കും (2കോരി.8:1,2) രണ്ടു കാശു മാത്രമുള്ള വിധവക്കും (ലൂക്കോസ് 21:3) ഇത് ബാധകമെങ്കിൽ മറ്റുള്ളവർക്കോ? സുവിശേഷകന്മാർക്ക് ഒഴിവുണ്ടോ? ഒട്ടും ഇല്ല. ലേവ്യർക്കും ഇത് ബാധകമാണ്. ലഭിക്കുന്ന ദാനത്തിന്റെ വിഹിതം അവരും കൊടുക്കണം. പുതിയനിയമത്തിൽ ആരെയും ഒഴിവാക്കിയിട്ടില്ല. നാം കർത്താവിന്റെ മുമ്പിൽ നിൽക്കുന്ന നാളിൽ, നിന്റെ സഹോദരന്, തന്റെ കുഞ്ഞുങ്ങൾ ആഹാരത്തിനും വസ്ത്രത്തിനും വകയില്ലാതെ വലഞ്ഞ സമയത്ത്, നീ എന്ത് ചെയ്തു എന്ന ചോദ്യത്തിന് എന്തുത്തരം നൽകും? നല്ല ഉത്തരം പറയേണ്ടതിന്നായി നമുക്ക് ഇന്ന് പ്രവർത്തിക്കാം. ബി ആർ ടി യിൽ കൂടെയും അത് സാധിക്കും. ദൈവം നമ്മെ സഹായിക്കട്ടെ.



# ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് - ഒരു ആമുഖം

## ആരംഭം

നാൽപത്തിമൂന്ന് വർഷം മുമ്പ് ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് (ബി.ആർ.ടി) അതിന്റെ ശുശ്രൂഷ ആരംഭിച്ചു. ദരിദ്രരും ആവശ്യഭാരങ്ങളിൽ ഇരിക്കുന്നവരുമായ സഹോദരങ്ങളുടെ പ്രയോജനത്തിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവി നാൽ പ്രേരണ ലഭിച്ചവരായ വൈ.എം.ഇ.എഫ് അംഗങ്ങൾ 1979 മെയ് ഒന്നിന് കോട്ടയത്ത് ഒത്തുചേർന്ന് 1955-ൽ തിരുവിതാംകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 12 പ്രകാരം രജിസ്ട്രേഷൻ സ്വീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## ലക്ഷ്യം:

സാമ്പത്തികമായി ഭാരം അനുഭവിക്കുന്നവർക്ക്, പ്രത്യേകിച്ച് സഹവിശ്വാസി കൾക്കു, അവരുടെ ചികിത്സ, പെൺമക്കളുടെ വിവാഹം, വിദ്യാഭ്യാസം, പാർപ്പിടം, അതിന്റെ പരിപാലനം എന്നിവക്കും, പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളും മൂലം ദുരിതമനുഭവിക്കുന്നവർ , പാവപ്പെട്ട വിധവകൾ, ഉപജീവനത്തിനായി സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർ എന്നിവർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് ദൈവസ്നേഹം പ്രായോഗികമായ തലത്തിൽ കാണിക്കുക എന്നതാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം.

## പ്രവർത്തന രീതി:

കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും പൊതുസ്വീകാര്യരായ 52 സഹോദരങ്ങൾ അംഗങ്ങളായുള്ള ജനറൽ ബോഡിയും കാലാകാലങ്ങളിൽ ജനറൽ ബോഡിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 12 അംഗങ്ങളുള്ള ഭരണസമിതിയുമാണ് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. ഭരണസമിതി യോഗങ്ങളിലാണ് ദുരിതാശ്വാസ ഫണ്ട് അനുവദിക്കുന്നത്. ബിആർടിയുടെ സാമ്പത്തിക പ്രവർത്തനങ്ങൾ ബാഹ്യ ഓഡിറ്റിനും സർക്കാർ നിയന്ത്രണങ്ങൾക്കും വിധേയമാണ്, ആദായനികുതി ഇളവിനും ബന്ധപ്പെട്ട നിയമപരമായ വിദേശ കറൻസി റെമിറ്റൻസുകൾക്കും അംഗീകാരം ഉണ്ട്.

## വരുമാന സ്രോതസ്സ്:

ഭാരതത്തിനുള്ളിലും വെളിയിലുമുള്ള നമ്മുടെ സഭകൾ, ദൈവമക്കൾ, സ്ഥാപനങ്ങൾ, ഫെലോഷിപ്പുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന സ്വമേധാ ദാനങ്ങളാലാണ് ബി.ആർ.ടിയുടെ ശുശ്രൂഷകൾ നടക്കുന്നത്.

## ഓഫീസ്:

ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിന്റെ രജിസ്ട്രേഡ് ഓഫീസ് എറണാകുളത്താണ്, അടുത്തിടെ സ്വന്തമായി കുമ്പനാട് ഒരു അഡ്മിനിസ്ട്രേഷൻ ഓഫീസ് നിർമ്മിച്ച് ഇപ്പോൾ അവിടെ നിന്നാണ് പ്രവർത്തിക്കുന്നത്. സാംകുട്ടി ജോർജ്, അടൂർ, ബ്ര. ഒ. റ്റി .ചെറിയാൻ പത്തനംതിട്ട എന്നിവർ യഥാക്രമം സെക്രട്ടറിയായും ജോയിന്റ് സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു.



### ദരിദ്രരും ഭവനരഹിതരുമായ വിശ്വാസികൾക്കായി ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിൽ നിന്ന് കുറഞ്ഞ ചെലവിലുള്ള വീടുകൾ (ടേൺ-കീ അടിസ്ഥാനം)

1 കൊല്ലം ജില്ലയിലെ ഐവർകാല വീട് മെയ് 22






2 മലപ്പുറം ജില്ലയിലെ മരുത വീട് ,ഓഗസ്റ്റ് 22

3 പാലക്കാട് ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന ചിറ്റൂർ വീട്.



4 പത്തനംതിട്ട ജില്ലയിലെ തെള്ളിയൂരിൽ നാലാം വീടിന്റെ നിർമാണം ഡിസംബർ 22 ന് ആരംഭിക്കും.




| General Receipts & Pay-outs in Lakh Rs | | | |
|---|---|---|---|
| | 19-20 | 20-21 | 21-22 |
| General Receipts | 48.97 | 71.62 | 109.44 |
| Corresponding Pay-outs | 58.06 | 71.47 | 87.83 |

## BELIEVERS RELIEF TRUST BANK DETAILS

*For Local Remittance*

| | |
|---|---|
| Name of the Account | BELIEVERS RELIEF TRUST |
| Account Number | 57068630227 |
| Account Type | Savings Bank Account |
| IFSC Code | SBIN0070058 |
| SWIFT Code | SBININBBT14 |
| Name of the Branch | State Bank of India, Pathanamthitta Branch |

*For Foreign Remittance*

| | |
|---|---|
| Name of the Account | BELIEVERS RELIEF TRUST |
| Account Number | 40098837162 |
| Account Type | FCRA - Savings Bank Account INR |
| IFSC Code | SBIN0000691 |
| SWIFT Code | SBININBB104 |
| Name of the Branch | State Bank of India, New Delhi Main Branch |